LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർ

46 (1750) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 ഏപ്രിൽ 30 വരെ സംസ്ഥാന സർവ്വീസിൽ നിന്നും എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 ഏപ്രിൽ 30 വരെ പൊതുഭരണ വകുപ്പിൽ നിന്നും 421 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

പിന്നോക്ക സമുദായ നിയമനങ്ങൾ

47 (1751) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ പിന്നോക്ക സമുദായങ്ങൾക്കുള്ള പ്രാതിനിധ്യ കുറവ് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കുറവ് നികത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ജാതി തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) സർക്കാർ സർവ്വീസിൽ മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പ്രാതിനിധ്യം പരിശോധിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാരസമിതി നിലവിലുണ്ട്. പ്രസ്തുത ഉന്നതാധികാര സമിതി 12-1-2015-ൽ യോഗം ചേരുകയും ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരം എല്ലാ വകുപ്പുകളിൽ നിന്നും ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതുപ്രകാരം ഒ.ബി.സി. പ്രാതിനിധ്യം സംബന്ധിച്ച വിവരം വകുപ്പുകളിൽനിന്നും ശേഖരിച്ചുവരികയാണ്. പ്രസ്തുത വിവര ശേഖരണം കഴിഞ്ഞതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.